(എഫ്) പരാതി ലഭിച്ചിട്ടുണ്ട്.

(എച്ച്) പ്രസ്തുത പരാതിയിൻമേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ തിരുവനന്തപുരം ജില്ലാ ദേശീയ സമ്പാദ്യ പദ്ധതി ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആരോപണം ശരിയെന്ന് ബോധ്യം വന്നാൽ നിയമാനുസൃതം നടപടി സ്വീകരിക്കുന്നതാണ്.

(ഐ) ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിലെ ഉദ്യോഗസ്ഥർ, പോസ്റ്റൽ വകുപ്പിന്റെയും, നാഷണൽ സേവിംഗ്സ് ഓർഗനൈസേഷന്റേയും സഹകരണത്തോടെ ഇത്തരത്തിൽ ലഭിക്കുന്ന പരാതികളിൽമേൽ നടപടിയെടുത്തുവരുന്നു. ആയതിനാൽ വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

29 (3355) വ്യാജമദ്യ ഉല്പാദനവും വിപണനവും തടയാൻ നടപടി

ശ്രീ. ബാബുദിവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മദ്യദുരിതങ്ങൾ ഒഴിവാക്കുന്നതിനായി വ്യാജമദ്യത്തിന്റെ ഉല്പാദനവും വിപണനവും തടയുന്നതിന് ജില്ലാ-സംസ്ഥാനതലങ്ങളിൽ ഉപദേശകസമിതികൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ സ്പെഷ്യൽ നർക്കോട്ടിക് എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ അത് സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉപദേശകസമിതികൾ രൂപീകരിച്ചിട്ടുണ്ട്.

(ബി)&(സി) എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ എല്ലാ ജില്ലകളിലും എക്സൈസ്-എൻഫോഴ്സ്മെന്റ് ആന്റ് ആന്റി-നാർകോട്ടിക് സ്പെഷ്യൽ സ്കാഡ് നിലവിലുണ്ട്. പ്രസ്തുത സ്കാഡുകളിലെ ജീവനക്കാരുടെ എണ്ണം

സർക്കിൾ ഇൻസ്പെക്ടർ	-	1
എക്സൈസ് ഇൻസ്പെക്ടർ	-	1
പ്രിവന്റീവ് ഓഫീസർ	-	3
ഗാർഡ്	-	8

എന്നീ ക്രമത്തിലാണ്.

30 (3356) മോണിറ്ററിംഗ് കമ്മിറ്റികൾ

ശ്രീ. ജോണി നെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ചാരായനിരോധനം നടപ്പിലാക്കിയതിനുശേഷം അതിന്മേൽ സർക്കാർ രൂപീകരിച്ചിട്ടുള്ള സംസ്ഥാന-ജില്ലാ മോണിറ്ററിംഗ് കമ്മിറ്റികൾ കൂടാറുണ്ടോ; ഇക്കാര്യത്തിലുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കുമോ;

(ബി) ഈ യോഗങ്ങളിൽ ജില്ലാ കളക്ടർമാർ പങ്കെടുക്കാറുണ്ടോ;

(സി) ഏതെല്ലാം ജില്ലകളിൽ ഇത് കൃത്യമായി നടക്കുന്നുണ്ട്; യോഗം കൂടാത്ത ജില്ലകൾ ഉണ്ടോ;

(ഡി) നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയകക്ഷി പ്രതിനിധികളെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഇ) കമ്മിറ്റികളിൽ ജില്ലാ പോലീസ് സൂപ്രണ്ടുമാർ പങ്കെടുക്കാറുണ്ടോ;

(എഫ്)ഈ കമ്മിറ്റികളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ജി) പ്രതിനിധികൾക്ക് യാത്രാബത്ത നൽകുവാൻ നിയമം ഉണ്ടോ?

ഉത്തരം

(എ) കൂടാറുണ്ട്. ഇക്കാര്യത്തിലുള്ള സർക്കാർ ഉത്തരവ് ഇതൊടൊപ്പം അനുബന്ധമായി വച്ചിട്ടുണ്ട്.†

(ബി) ഉണ്ട്.

(സി) എല്ലാ ജില്ലകളിലും കമ്മിറ്റികൾ യോഗം ചേരുന്നുണ്ട്.

(ഡി)-(ജി) ഉണ്ട്.

31 (3357) മദ്യ ഗോഡൗണുകളിൽ നടന്ന റെയ്ഡുകൾ

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പത്തനംതിട്ട, ആലപ്പുഴ, തൃശൂർ എന്നിവിടങ്ങളിലെ മദ്യമുതലാളിമാരുടെ ഗോഡൗണുകളിൽ റെയ്ഡ് നടത്തിയിരുന്നുവോ;

(ബി) എങ്കിൽ അവിടെനിന്നും എന്തെല്ലാം രേഖകൾ പിടിച്ചെടുക്കുകയുണ്ടായി;

(സി) പിടിച്ചെടുത്ത രേഖകളിൽ രാഷ്ട്രീയ ട്രേഡ് യൂണിയൻ നേതാക്കന്മാർ, മദ്യമുതലാളിമാരിൽനിന്നും പണം പറ്റിയതായുള്ള വിവരങ്ങൾ ഉണ്ടായിരുന്നുവോ; എങ്കിൽ ആരെല്ലാം എന്നതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഗോഡൗണുകളിൽനിന്നും അനധികൃത മദ്യം പിടിച്ചെടുക്കുകയുണ്ടായോ; അനധികൃതമദ്യം സൂക്ഷിച്ചതിന്റെ പേരിൽ മദ്യമുതലാളിമാർക്കെതിരായി ക്രിമിനൽ കേസുകൾ എടുത്തിട്ടുണ്ടെങ്കിൽ ആർക്കൊക്കെ എതിരായിട്ടാണ് എടുത്തത്;

(ഇ) പിടച്ചെടുക്കപ്പെട്ട മദ്യം പരിശോധനയ്ക്ക് അയച്ചിട്ടുണ്ടോ; എങ്കിൽ പരിശോധനയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly